# Malayala Manorama

# 19 August 2018

# Fort kochi, Diocese of Kochi, Relief Work

## കൊച്ചി രൂപതയിലെ എല്ലാ പള്ളികളും ദുരിതാശ്വാസത്തിന് സജ്ജമാക്കും

ഫോർട്ട്കൊച്ചി ● കൊച്ചി രൂപതയിലെ എല്ലാ സ്കൂളുകളും പള്ളികളും ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കു സജ്ജമാക്കുന്നതിന് ബിഷപ് ഡോ. ജോസഫ് കരിയിൽ വൈദികർക്കും സന്യസ്തർക്കും നിർദേശം നൽകി.

തോപ്പുംപടി സെന്റ് സെബാസ്റ്റ്യൻസ് സ്കൂൾ, ഇടക്കൊച്ചി അക്വിനാസ് കോളജ്, ഇടക്കൊച്ചി പള്ളോട്ടി കോൺവന്റ്, പെരുമ്പടപ്പ് ജൂലിയാനാസ് സ്കൂൾ, അരൂർ മേഴ്സി സ്കൂൾ, പൂങ്കാവ് പിൽഗ്രിംസ് സെന്റർ തുടങ്ങിയ സ്ഥാപനങ്ങളിൽ ദുരിതാശ്വാസ ക്യാംപുകൾ പ്രവർത്തിക്കുന്നുണ്ട്.

ബിഷപ് ഡോ. ജോസഫ് കരിയിൽ, വികാരി ജനറൽ മോൺ. പീറ്റർ ചടയങ്ങാട് തുടങ്ങിയവർ ക്യാംപുകളിലെത്തി.